മാതൃഭൂമി

20 May 2020

# ലോക്ഡൗൺ കൃഷി: ആവശ്യക്കാരേറി കെ.വി.കെ. കാർഷിക സേവന കേന്ദ്രം

കൊച്ചി ▸ ലോക്ഡൗൺ കാലത്ത് കൃഷിക്ക് പ്രചാരം കൂടിയതോടെ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ (കെ.വി.കെ.) കാർഷിക സേവന കേന്ദ്രത്തിൽ ആവശ്യക്കാരേറി. വിവിധ സ്ഥാപനങ്ങളും സംഘടനകളും കൂടി കെ.വി.കെ.യെ സമീപിക്കുന്നുണ്ട്.

ട്രാക്ടറുകൾ, യന്ത്രക്കലപ്പ, കുഴിവെട്ടി, കള നശീകരണ യന്ത്രം തുടങ്ങി വിവിധ ഉപകരണങ്ങൾ സി.എം.എഫ്.ആർ.ഐ.ക്കു കീഴിൽ പ്രവർത്തിക്കുന്ന കെ.വി.കെ. കാർഷിക സേവന കേന്ദ്രത്തിലുണ്ട്.

ഇഞ്ചി, കപ്പ തുടങ്ങിയവയ്ക്കായി വാരം തയ്യാറാക്കുന്നതിനായുള്ള, ട്രാക്ടറിൽ ഘടിപ്പിക്കാവുന്ന ബണ്ട് ഫോർമറിനാണ് ഈ സീസണിൽ ആവശ്യക്കാരേറെ എത്തുന്നത്. പച്ചക്കറികൃഷിക്ക് നിലമൊരുക്കാനും വാഴയ്ക്ക് കുഴിയെടുക്കാനും പുല്ല് വെട്ടാനുമടക്കമുള്ള യന്ത്രങ്ങൾ തേടിയും ആവശ്യക്കാരെത്തുന്നുണ്ട്. കാർഷിക വിദഗ്ധരുടെ സേവനവും കേന്ദ്രത്തിൽ ലഭ്യമാണ്.

നെൽകൃഷിക്ക് നിലമൊരുക്കൽ, മത്സ്യകൃഷിക്ക് കുളം വൃത്തിയാക്കൽ, ചെളിയെടുക്കൽ, മത്സ്യക്കൂട് നിർമാണം, കോഴിക്കൂടുകൾ തുടങ്ങിയവ സേവന കേന്ദ്രത്തിൽ ലഭിക്കും. ഫോൺ: 95261 20666.